# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 23

# വാർത്താക്കുറിപ്പ്

## എം.ജി. പി.ജി. ഏകജാലകം; രണ്ടാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**- അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 24ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 24ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം. ഫൈനൽ അലോറ്റ്മെന്റിൽ ആദ്യം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ സ്ഥിരപ്രവേശം നേടണം. താത്കാലിക പ്രവേശം അനുവദിക്കില്ല. രണ്ടാം ഫൈനൽ അലോട്ട്മെന്റ് ലഭിച്ചവരെ ഒഴിവാക്കിയാവും മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുക.

(പി.ആർ.ഒ./39/1397/2019)

## പരീക്ഷ തീയതി

രണ്ടാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ മുതൽ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ ഓഗസ്റ്റ് 27ന് ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് ആറുവരെയും 500 രൂപ പിഴയോടെ ഏഴുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഒൻപതുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1398/2019)

മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ ഓഗസ്റ്റ് 14ന് ആരംഭിക്കും. പിഴയില്ലാതെ ജൂലൈ 29 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഓഗസ്റ്റ് ഒന്നുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1399/2019)

ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്) - 'ലോക്കൽ സെൽഫ് ഗവേണൻസ് ആന്റ് പഞ്ചായത്ത് അഡ്മിനിസ്ട്രേഷൻ' എന്ന പേപ്പറിന്റെ പരീക്ഷ ഓഗസ്റ്റ് ഒൻപതിന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

(പി.ആർ.ഒ./39/1400/2019)

## പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക് വീണ, മദ്ദളം, കഥകളി വേഷം (സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 29 മുതൽ ഓഗസ്റ്റ് രണ്ടുവരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1401/2019)

## എം.എ. സീറ്റൊഴിവ്; സ്പോട് അഡ്മിഷൻ ജൂലൈ 25ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽ രണ്ടും ജനറൽ വിഭാഗത്തിൽ മൂന്നും സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ്

പ്രകാരം യോഗ്യരായവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ 25ന് രാവിലെ 11ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നടക്കുന്ന സ്പോട് അഡ്മിഷനിൽ രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 0481-2731039.

(പി.ആർ.ഒ./39/1402/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1403/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1404/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1405/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. സിറിയക് (പി.ജി.സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1406/2019)

## അന്തിമ റാങ്ക് പട്ടിക

2018 ഡിസംബറിൽ നടന്ന മൂന്നാം വർഷ എം.എസ്സി. മെഡിക്കൽ അനാട്ടമി പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. കോട്ടയം ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ മെജി ജോസഫ് ഒന്നാം റാങ്ക് നേടി.

(പി.ആർ.ഒ./39/1407/2019)

## പ്രിലിംസ് കം മെയിൻസ്; സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് ക്ലാസിലേക്ക് പട്ടികവർഗ സംവരണ വിഭാഗത്തിൽ നാല് സീറ്റൊഴിവുണ്ട്. 18 വയസ് കഴിഞ്ഞ വിദ്യാർഥികൾ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ 25ന് വൈകീട്ട് 4.30നകം സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷനിൽ നടക്കുന്ന സ്പോട് അഡ്മിഷനിൽ പങ്കെടുക്കണം. 10000 രൂപയാണ് കോഴ്സ് ഫീസ്. വിശദവിവരത്തിന് ഫോൺ: 9496114094, 8848712543.

(പി.ആർ.ഒ./39/1408/2019)

**എം.ജി.യിൽ സിവിൽ സർവീസ് പരിശീലനം ആരംഭിച്ചു**

## സിവിൽ സർവീസിന് പ്രൈമറി മുതലുള്ള പരിശീലനം ദോഷം ചെയ്യും; കെ. ജയകുമാർ

പ്രൈമറി സ്കൂൾതലം മുതൽ സിവിൽ സർവീസിന് പരീശീലനം കൊടുക്കുന്നത് ഗുണത്തേക്കാളുപരി ദോഷം ചെയ്യുമെന്ന് മുൻ ചീഫ് സെക്രട്ടറിയും തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന കെ. ജയകുമാർ പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ മെയിൻസ് കം പ്രിലിമിനറി പരിശീലന ക്ലാസിന്റെ ഉദ്ഘാടനം സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. മഴയിൽ മുളയ്ക്കുന്ന കൂണുകൾ പോലെ മുളച്ചുപൊന്തുന്ന സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. സിവിൽ സർവീസ് അക്കാദമികൾ പലപ്പോഴും മികച്ച ധനാഗമന മാർഗം മാത്രമാകും. ഇത് ആശാവഹമായ പ്രവണതയല്ല. സർവകലാശാലകളും സർക്കാരും സിവിൽ സർവീസ് അക്കാദമികൾ വിപുലമായ രീതിയിൽ ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഇൻസ്റ്റിറ്റ്യൂട്ട് മേധാവി പ്രൊഫ. ആർ.എസ്. സന്ധ്യ, സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസ് ഡയറക്ടർ ഇൻ ചാർജ് ഡോ. പി.പി. നൗഷാദ് എന്നിവർ പ്രസംഗിച്ചു.

സിവിൽ സർവീസ് പരീക്ഷയുടെ ഘടന, പരീക്ഷയ്ക്ക് എങ്ങനെ തയാറാകണം എന്നിവയെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ട് രക്ഷാധികാരിയായ മുൻ ഡി.ജി.പി. ഡോ. അലക്‌സാണ്ടർ ജേക്കബ്, കോ-ഓർഡിനേറ്റർ രാജശ്രീ തമ്പി എന്നിവർ ക്ലാസെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ വർഷത്തെ മെയിൻസ് കം പ്രിലിമിനറി പരിശീലന ക്ലാസിന്റെ ഉദ്ഘാടനം സ്‌കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്‌മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ മുൻ ചീഫ് സെക്രട്ടറിയും തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന കെ. ജയകുമാർ നിർവഹിക്കുന്നു**

(പി.ആർ.ഒ./39/1409/2019)

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 14ന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഓഗസ്റ്റ് ഒൻപതിന് നടത്താൻ നിശ്ചയിച്ചിരുന്ന 2019-20 വർഷത്തെ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 14ന് നടത്താൻ ഉത്തരവായി.

(പി.ആർ.ഒ./39/1410/2019)

## ശ്രീശബരീശ കോളേജിൽ എം.എസ്.ഡബ്ല്യു.; സ്‌പോട് അഡ്മിഷൻ

മുണ്ടക്കയം മുരിക്കവയൽ ശ്രീശബരീശ കോളേജിൽ എം.എസ്.ഡബ്ല്യു. (എയ്ഡഡ്) പ്രോഗ്രാമിന് അഫിലിയേഷൻ നൽകി സർവകലാശാല ഉത്തരവായി. ഈ അധ്യയന വർഷം 25 സീറ്റിലേക്കാണ് പ്രവേശനം. ബിരുദാനന്തര ബിരുദ കോഴ്‌സുകളിലേക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്‌മെന്റ് നടപടി പൂർത്തീകരിച്ചതിനാൽ ഈ അധ്യയന വർഷം സ്‌പോട് അഡ്മിഷനിലൂടെയാണ് പ്രവേശനം നടക്കുക. ജൂലൈ 25 വരെ കോളേജിൽ അപേക്ഷ സമർപ്പിക്കാം. ജൂലൈ 26ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ജൂലൈ 26 മുതൽ 29 വരെ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യണം.

(പി.ആർ.ഒ./39/1411/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ